കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വാണിയംകുളം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
Email – dopkd.ksad@kerala.gov.in

നം.കെ.എസ്.എ.പി.കെ.ഡി.16-7/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി-29-01-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വാണിയംകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- വാണിയംകുളം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.16-7/2019 തിയ്യതി:-29-01-2019

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ
2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെട്ടവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-07-2017മുതൽ 21-11-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-11-2018 മുതൽ 30-11-2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.പി.രാമകൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.കന്ദസ്വാമി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എം.പ്രിയ | 1-4-17 മുതൽ 31-03-18വരെ |
| സെക്രട്ടറി | ശ്രീ. എ.കെ.വിനോദ് (അസി.സെക്രട്ടറി ഇൻ-ചാർജ്) | 1-4-17 മുതൽ 9-7-17 വരെ<br>23-12-17 മുതൽ 21-1-18 വരെ |
| | ശ്രീ. മുഹമ്മദ് സിറാജ്.പി | 10-7-17 മുതൽ 22-12-17 വരെ |
| | ശ്രീമതി. വിജയമ്മ എൽ | 22-1-18 മുതൽ 31-3-18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. പി.പി.ശരത് മോഹൻ | 1-4-17 മുതൽ 31-3-18വരെ |
| വി.ഇ.ഒ | ശ്രീ. ഗോപകുമാർ പി.എം | 1-4-17 മുതൽ 1-6-17വരെ |
| | ശ്രീ. മായ കെ.വി | 2-6-17 മുതൽ 7-11-17 |
| | ശ്രീമതി. ഇന്ദുജ.എസ് | 8-11-17 മുതൽ 20-12-17 വരെ |
| | ശ്രീ. വിജയൻ കെ.ജെ | 21-12-17 മുതൽ 22-1-18 വരെ |
| | ശ്രീ. ശാലിനി എസ്.ആർ | 23-1-18 മുതൽ 31-3-18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു ടി | 1-4-17 മുതൽ 31-3-18 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.അശോക് കുമാർ കെ.എ | 1-4-17 മുതൽ 11-08-17 വരെ |
| | ശ്രീമതി.ധന്യ കെ ശങ്കർ | 12-8-17 മുതൽ 13-9-17 വരെ |
| | ശ്രീ.പി.കെ.ബാലകൃഷ്ണൻ | 14-9-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.ധന്യ എസ് | 1-4-17 മുതൽ 29-5-17വരെ |

| | | |
|---|---|---|
| | ഡോ.അബ്ദുൾ റഷീദ് | 30-5-17 മുതൽ<br>7-10-17 വരെ |
| | ഡോ.സുരേഷ് കുമാർ | 8-10-17 മുതൽ<br>31-3-18 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.സിനി പി.എം | 1-4-17 മുതൽ<br>31-3-18വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.അനുരൂപ് | 1-4-17 മുതൽ<br>31-3-18വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ആർ. ഉഷ | 1-4-17 മുതൽ<br>31-03-18 വരെ |
| അസി.സെക്രട്ടറി | ശ്രീ.എ.കെ.വിനോദ് | 1-4-17 മുതൽ<br>31-3-18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ടി.കെ.പ്രസന്ന | 1-4-17 മുതൽ<br>31-3-18 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.സി.യമുന | 1-4-17 മുതൽ<br>31-3-18 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28/03/2017 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 20-06-18 | ---- | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 02.07.18 മുതൽ 03.07.18 വരെ | കെ.എസ്.എ.പി.കെ.ഡി. 21/1904(45)/18 തീയതി 29.08.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 35078553.78 |
| വരവ് | 79231803.00 |
| ആകെ | 114310356.78 |
| ചെലവ് | 93777165.00 |
| നീക്കിയിരിപ്പ് | 20533191.78 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നി രിപ്പ് | വരവ്/ അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1574700 | 1574700 | 11422853 | 4324147 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 16939492 | 16939492 | 11995371 | 4944121 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | | 0 | 12000000 | 12000000 | 9415073 | 8215073 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | | 0 | 3751868 | 3751868 | 2093601 | 1658267 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 12436285 | 12436285 | 3564849 | 8871436 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 2984705 | 2984705 | 2764502 | 220203 |
| സാക്ഷരത | | 1817 | 67 | 1884 | 0 | 1884 |
| ദുരിതാശ്വാസനിധി | | 1143924 | 45259 | 189183 | 22000 | 1167183 |
| എം.ജി. എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | | 18035636 | 18035636 | 18035636 | -- |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 26946 | 2162363 | 2189309 | 2179440 | 9869 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1055000 | 1055000 | 105500 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 230000 | 230000 | 230000 | 0 |
| ബി ഫണ്ട് | | | 58865388 | 58865388 | 58865388 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 18261169.00 | 10727000 | 28988169 | 28270160 | 718009.00 |

| | | | | | |
|---|---|---|---|---|---|
| തനത് ഫണ്ട് | 15095006.78 | 25411619 | 40506625.78 | 21611341 | 18895284.78 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 281 | 116327197 | 176 | 48222645 | nil | 105 | 62.60 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 4954900 | 3891500 | 78.50 |
| വി.ഇ.ഒ | 11 | 7 | 12367500 | 5659543 | 45.76 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 10 | 6139864 | 4926099 | 80.23 |
| ഹെഡ്മാസ്റ്റർ | 3 | 2 | 1150000 | 1034350 | 80.23 |
| സെക്രട്ടറി | 40 | 30 | 14749111 | 5137532 | 34.83 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 198 | 110 | 69409822 | 23976810 | 34.50 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 2 | 1000000 | 480962 | 48.09 |
| മെഡിക്കൽ ഓഫീസർ-ISM | 3 | 3 | 550000 | 550000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 370000 | 349350 | 94.40 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 900000 | 780000 | 86.60 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 1 | 1 | 100000 | 50000 | 50.00 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 4636000 | 1386499 | 29.90 |
| ആകെ | 281 | 176 | 116327197.00 | 48222645 | 41.45 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 26946 | 2162363 | 2189309 | 2179440 | 9869 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 8035636 | 8035636 | 8035636 | 0 |
| ആകെ | 26946 | 10197999 | 10224945 | 10215076 | 9869 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66960 | 130 |
| കർഷകതൊഴിലാളി പെൻഷൻ | 8524000 | 728 |
| വിധവാപെൻഷൻ | 14046700 | 1170 |
| വാർദ്ധക്യകാലപെൻഷൻ | 28455400 | 2139 |
| വികലാംഗപെൻഷൻ | 4183100 | 379 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3341000 | 277 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-18 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 6528/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

6. ജിവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

7. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡെസ്ക് സംവിധാനം ഒരുക്കിയിട്ടില്ല.

8. ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാൻ വേണ്ട നടപടി സ്വീകരിച്ചിട്ടില്ല.

9. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ എന്നിവ ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമസഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമസഭ കോ-ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല

10.എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത്

കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 14.11.2018 | 10/2018 | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.9.2006 മുതൽ 6.10.2006 വരെ | 1997-98 മുതൽ 2005-06 വരെ | 15.11.2006 | ഇല്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ഒന്നുമില്ല

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തും മാർച്ച് മാസം 31 ാം തിയതിക്ക് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നു. ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാന്വലിന്റെ 2.2, 2.3, 2.4 എന്നീ ഖണ്ഡികകളിൽ പദ്ധതി-പദ്ധതിയേതര ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കരട് ബജറ്റ് രൂപീകരണം എന്നിവ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റ് രൂപീകരണത്തിന്റെ സമയക്രമം ഖണ്ഡിക 2.5 ലും നിർദ്ദേശിച്ചിട്ടുണ്ട്.

2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തതിന്റെയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കായി കൈമാറിയതായോ, ആയത് ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിശദവിവരങ്ങൾ മിനിറ്റ്സിലില്ല.

നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് സെക്രട്ടറി, ഘടക സ്ഥാപനമേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിളിക്കുകയും സ്ഥാപനങ്ങളുടെ പദ്ധതിയേതര ചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം

2.നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഘടക സ്ഥാപന മേധാവികൾക്ക് ഒരു മാസത്തെ സമയം നൽകണം.

3.ഘടക സ്ഥാപനമേധാവികൾ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ് നിർദ്ദേശങ്ങൾ സമർപ്പിക്കണം.

4.ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ സെക്രട്ടറി അനുബന്ധം 3 &4 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ സമർപ്പിക്കണം

5.സെക്രട്ടറി മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കൈമാറണം

6.സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1,5.2 എന്നീ ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറണം

7.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ പദ്ധതിയേതരനിർദ്ദേശങ്ങൾ തയ്യാറാക്കണം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് മാർച്ച് 1 ന് മുമ്പ് രൂപീകരിക്കണം. മാർച്ച് 7-ന് മുമ്പ് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഭരണസമിതിയുടെ പ്രത്യേകയോഗം വിളിക്കുകയും മാർച്ച് 31-ന് മുമ്പ് ബജറ്റ് അംഗീകരിക്കുകയും വേണം. എന്നാൽ അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല. വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വസ്തു നികുതിയിന്മേലുള്ള ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 200(2),207, 2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 9/27.11.2018ന് ലഭ്യമാക്കിയ മറുപടിയിൽ ചട്ട പ്രകാരമുള്ള സേവന ഉപനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിനായി ഭരണസമിതിയിൽ പ്രസ്തുത വിഷയം അവതരിപ്പിച്ച് ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയക്ക് പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011-ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II-ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ തറ വിസ്തീർണ്ണത്തിന്റെ (Floor Area) അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത്. Rupees per sqare metre of floor area എന്നാണ് ഷെഡ്യൂളിൽ സൂചിപ്പിച്ചിട്ടുള്ളത്. കൂടാതെ കാർഷെഡ്, ടോയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കാവുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ വാണിയംകുളം ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം മുഴുവനും സങ്കേതം സോഫ്റ്റ്‌വെയറിലൂടെ പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ് (Plinth Area).

കെട്ടിടങ്ങളുടെ പ്ലാൻ പരിശോധിച്ചതിൽ മിക്കതിലും പ്ലിന്ത് ഏരിയ, കാർപ്പെറ്റ് ഏരിയ എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിടനിർമ്മാണ ചട്ടത്തിൽ നിർവചിച്ചിട്ടുള്ള പ്രകാരമല്ല പെർമിറ്റ് ഫീസ് കണക്കാക്കിയിരിക്കുന്നത്.

സങ്കേതം സോഫ്റ്റ്‌വെയറിൽ പെർമിറ്റ് ഫീ ഡിമാന്റ് ജനറേറ്റ് ചെയ്യപ്പെടുന്നത് പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയാണ്.ഈ സാങ്കേതിക പ്രശ്നം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തി കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2011 പ്രകാരം പെർമിറ്റ് അനുവദിക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാനുകളിൽ ആവശ്യമായ എല്ലാ അളവുകളും ഉൾപ്പെടുത്തുന്നുണ്ടെന്ന് എഞ്ചിനിയറിംഗ് സെക്ഷൻ ഉറപ്പാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.11/27.11.2018 ന് ടി സാങ്കേതിക പ്രശ്നം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ് എന്നും പ്ലാനുകളിൽ ആവശ്യമായ എല്ലാ അളവുകളും ഉൾപ്പെടുത്തുന്നതാണ് എന്ന് എഞ്ചിനിയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു

വസ്തുനികുതി നിർണ്ണയം ചട്ടപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം 16 ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു. പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 45 രൂപയും, ഇതര വ്യവസായങ്ങൾക്ക് 50 രൂപയും, കൈത്തറി/കയർപിരി ഷെഡുകൾക്ക് ചതുരശ്ര മീറ്ററിന് 20 രൂപയുമാണ് വാണിയംകുളം ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായതായി പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | സ്ഥാപനം | നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച. മീറ്റർ) |
|---|---|---|---|---|---|
| 1 | 4/428 | വസന്തകുമാരി | സ്റ്റേഷനറി ഷോപ്പ് | പാർപ്പിടം | 100 |
| 2 | 4/531 | മൊയ്തീൻ ഹാജി | വെജിറ്റബിൾസ് കട | പാർപ്പിടം | 7 |
| 3 | 17/501 | ശിവശങ്കരൻ | വ്യാപാരം | പാർപ്പിടം | 60 |
| 4 | 17/341 | സുരേഷ് | കാർഷിക ഉപകരണങ്ങളുടെ നിർമാണം | കൈത്തറി ഷെഡ് | 100 |
| 5 | 17/373 | രാജേന്ദ്രൻ | കാർഷിക ഉപകരണങ്ങളുടെ നിർമാണം | കൈത്തറി ഷെഡ് | 72.5 |

കുറവായി ഇടാക്കിയ തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി തെളിവ് ഓഡിറ്റിന് ഹാജരാക്കേണ്ടതും നികുതി ചോർച്ച

ഒഴിവാക്കുന്നതിനായി മേലുദ്യോഗസ്ഥർ രേഖകൾ നിശ്ചിത ഇടവേളകളിൽ പരിശോധിക്കേണ്ടതും ആവശ്യമായ തുടർ നിർദ്ദേശം നൽകേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.15/28.11.2018-ന് ഫീൽഡ് തല പരിശോധന നടത്തി നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ വേണ്ട മാറ്റം വരുത്തി ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-5 ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതാണ്

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 2006 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 1396 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൌണുകൾ | 115 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 3 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 6 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 294 |
| ആശുപത്രികൾ | 17 |
| അസംബ്ളി കെട്ടിടങ്ങൾ | 32 |
| സ്വകാര്യ ഹോസ്റ്റൽ | 38 |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 34 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 71 |
| ആകെ | 2006 |

2017-18 വർഷത്തെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 630 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ കണക്കുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിനാൽ ഈ വിഷയത്തിന്മേൽ ആവശ്യമായ

പരിശോധനാ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) റേഷൻകടകളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.16/28.11.2018-ന് ഫീൽഡ് തല പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് എടുത്തിട്ടില്ലാത്ത റേഷൻ കടകളെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-6 തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994-ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. വാണിയംകുളം ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

(1) I & II അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ബി.എസ്.എൻ.എൽ, വാണിയംകുളം

2.കെ. എസ്. ഇ. ബി, വാണിയംകുളം

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(2) സി.ബി.എസ്.ഇ. സ്കൂളുകൾ - നിയമപ്രകാരമുള്ള തൊഴിൽ നികുതി ഒടുക്കുന്നില്ല

സ്വാതി സെൻട്രൽ സ്കൂൾ , വാണിയംകുളം (സി.ബി.എസ്.ഇ അഫിലിയേഷൻ കോഡ് 930360), 2017-18ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ സമർപ്പിച്ച തൊഴിൽ നികുതി പത്രികകളിൽ ജീവനക്കാരുടെ ശമ്പള വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത് സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ അഫിലിയേഷൻ ബൈലോ 3.3(V) പ്രകാരമല്ല. സി.ബി.എസ്.ഇ. സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപക-അനധ്യാപക ജീവനക്കാർക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ച നിരക്കിലോ അല്ലാത്ത പക്ഷം സംസ്ഥാന സർവ്വീസിൽ ഇതേ കാറ്റഗറിയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നൽകുന്ന വേതനമോ നൽകണമെന്ന് പ്രസ്തുത അഫിലിയേഷൻ ബൈലോ വ്യവസ്ഥ ചെയ്യുന്നു. സ്ഥാപനങ്ങൾ സി.ബി.എസ്.ഇ. നിഷ്കർഷിക്കുന്ന നിരക്കിൽ ശമ്പളം തൊഴിൽ നികുതി പത്രികകളിൽ രേഖപ്പെടുത്താത്തതിനാൽ തൊഴിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഗണ്യമായ നഷ്ടം സംഭവിക്കുന്നുണ്ട്. നിയമം പാലിക്കാതെ പ്രവർത്തിക്കുന്ന ടി

സ്ഥാപനങ്ങൾക്കെതിരെ സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(3) അർദ്ധ വാർഷിക വരുമാനത്തിന്റെ കൃത്യത ഉറപ്പാക്കാതെ നികുതി ചുമത്തി

മയിൽ വാഹനം പെട്രോൾ പമ്പ്, ജയരാജ്, രാമചന്ദ്രൻ എന്ന വ്യക്തികളുടെ അർദ്ധവാർഷിക വരുമാനം യഥാക്രമം 66000/-, 63900/- രൂപയാണ്. ചട്ട പ്രകാരം ഈടാക്കേണ്ട തൊഴിൽനികുതിയായ 600/- രൂപയ്ക്ക് പകരം 450/- രൂപയാണ് ഈടാക്കിയിരിക്കുന്നത്. കുറവായി ഈടാക്കിയ 150 +150=300/-രൂപ മേൽ സ്ഥാപനത്തിലെ വ്യക്തികളിൽ നിന്നും ഈടാക്കി അടവാക്കിയതിന്റെ രശീതി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ച് വരുമാനത്തിനനുസ്രതമായി നികുതി അടവാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.17/28.11.2018 ന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

# 2-7 മൊബൈൽ ടവറുകളുടെ കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

1. ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ പെർമിറ്റ്, വസ്തുനികുതി എന്നിവയുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ബി.എസ്.എൻ.എൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഉള്ളതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | വാർഡിന്റെ പേര് | ടവറിന്റെ പേര്. | ടവർ നമ്പർ | നിർണ്ണയിച്ച വസ്തു നികുതി | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 9/370 | Thrikkangode | BSNL | 370 | 10500 | 52500 |
| 2 | 10/354 | Chorottur | BSNL | 354 | 4200 | 20400 |

ബി.എസ്.എൻ.എൽ ടവറിന്റെ വസ്തുനികുതി കുടിശ്ശികയായ 72900/- രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

2.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കേണ്ടതുമാണ്. മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്തിയതിന്റെ വിവരങ്ങൾ

പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ആയവ ഹാജരാക്കിയിട്ടില്ല.

## 2-8 വാടക ബൈലോയ്ക്ക് അംഗീകാരം ലഭ്യമായതിന്റെ വിവരങ്ങൾ

വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് കൊടുക്കുന്നതു സംബന്ധിച്ച് നിലവിൽ ഒരു ബൈലോ സൂക്ഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ബൈലോയ്ക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. ചട്ടം 3 (6)പ്രകാരം സർക്കാരിന്റെയോ, സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം കിട്ടുന്നതുവരെ ബൈലോയ്ക്കോ അല്ലെങ്കിൽ ബൈലോയുടെ റദ്ദാക്കലിനോ യാതൊരു പ്രാബല്യവും ഉണ്ടായിരിക്കുന്നതല്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ മുറികൾ വാടകയ്ക്കു നൽകുന്നത് സംബന്ധിച്ച ബൈലോയ്ക്ക് അംഗീകാരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/27.11.18 ന് മറുപടിയായി ബൈലോയ്ക്ക് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 പ്ലാസ്റ്റിക്ക് മാലിന്യ നിർമാർജനം സംബന്ധിച്ച്

വാണിയംകുളം ഗ്രാമ പഞ്ചായത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്റെ വിശദാംശം താഴെ ചേർക്കുന്നു. പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.9.16 ലെ സർക്കുലറിലൂടെ താഴെ ചേർത്തിട്ടുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് .

1 .വിൽപന സാധനങ്ങൾ 50മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2. വിൽപന സാധനങ്ങൾ പ്ലാസ്റ്റിക്ക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം .

3.ഒരു മാസം കുറഞ്ഞത് 4000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000/- രൂപ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം, ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.
5.പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായി രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6. പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

വാണിയംകുളം ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനും മാലിന്യ പരിപാലനം, സംസ്കരണം കാര്യക്ഷമമാക്കുന്നതിനും സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 2-10 ഭവനനിധിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം. സ.ഉ.151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെ എങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്.

ഈ നിർദ്ദേശത്തിനനുസൃതമായി വാണിയംകുളം ഗ്രാമ പഞ്ചായത്തിൽ ഭവന നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുകകൾ ഒന്നും ലഭ്യമായിട്ടില്ല. ഭവന നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ഭരണസമിതി ഇടപെടേണ്ടതാണ്.

## 2-11 ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച 197680/- രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ-ടെന്റർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെന്റർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനു പകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചു വന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് തൻവർഷം 197680/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ 37285399436/SBI

വാണിയംകുളം എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## **3-1** <u>വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - ജില്ലാ വെറ്ററിനറി ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ ലഭ്യമായ മരുന്നുകൾ ക്വട്ടേഷൻ മുഖാന്തിരം വാങ്ങി- 1811 രൂപയുടെ നഷ്ടം .</u>

പ്രോജക്ടിന്റെ പേര് - വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ - 21/18

അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ്- 100000 /-

നിർവഹണ ഉദ്യോഗസ്ഥ - വെറ്ററിനറി സർജ്ജൻ

ബിൽ നമ്പർ - 7/17-18 തിയതി 24.02.2018 തുക- 99999/-

വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിന്റെ ഭാഗമായി നം.94/2017 തിയതി 28.10.2017 പ്രകാരം ആവശ്യമായ മരുന്നുകളുടെ നോൺ അവൈലബിലിറ്റി സർട്ടീഫിക്കറ്റിന് അപേക്ഷിക്കുകയും 28.10.2017-ന് ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന മരുന്നുകൾ ജില്ലാ വെറ്ററിനറി സ്റ്റോറിൽ ലഭ്യമാണെന്ന് അറിയിക്കുകയും മറ്റു മരുന്നുകൾക്ക് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | മരുന്ന് | എണ്ണം |
|---|---|---|
| 1 | Inj.meloxicam 100ml | 4 |
| 2 | Ectoparasiticide liquid 15 ml | 30 |
| 3 | Room disinfectant 500 ml | 2 |

വെറ്ററിനറി മരുന്നുകൾ വാങ്ങുന്നതിന് 94/2017 തിയതി 28.10.2017 പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ cure and care agencies, Palakkad എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 23.12.2017ലെ 9-ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി

അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നം.A 014273/02.01.2018 പ്രകാരം 99999/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ വെറ്ററിനറി സ്റ്റോറിൽ ലഭ്യമായ താഴെ പറയുന്ന മരുന്നുകൾ ക്വട്ടേഷൻ മുഖാന്തിരം വാങ്ങിയതുമൂലം 1811/- രൂപയുടെ നഷ്ടം ഉണ്ടായി.

| ക്രമ നം | മരുന്ന് ( ജനറിക് ) | ഇൻവോയ്സ് പ്രകാരം | എണ്ണം | വില (രൂപ) | ആകെ |
|---|---|---|---|---|---|
| 1 | Inj.meloxicam 100ml | Inj.melomex 100 ml | 4 | 65.48 | 261.92 |
| 2 | Ectoparasiticide liquid 15 ml | Liq lysetik 15 ml | 30 | 23.56 | 706.80 |
| 3 | Room disinfectant 500 ml | Liq kohrsolin-th 500 ml | 2 | 421.41 | 842.82 |
| | ആകെ | | | | 1811.54 |

ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (02/23.11.2018) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിൽ ലഭ്യമല്ല എന്നറിയിച്ച meloxicam paracetamol എന്ന കോംബിനേഷനാണ് വാങ്ങിയതെന്നും, cypermethrin ന് പകരം deltamethrin അടങ്ങിയ lysetik മരുന്നും, ലഭ്യമായ Room disinfectant-ൽ phenyl അടങ്ങിയതാണെന്നും വാങ്ങിയത് glutaraldehyde dioxahexane അടങ്ങിയ kohrsolin-th ആണെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷനിൽ Inj meloxicam നം Inj meloxicam paracetamolനം ആവശ്യപ്പെട്ടിരുന്നു. Inj meloxicam ന് 65.48 രൂപയും(4എണ്ണം) Inj meloxicam paracetamol ന് 67.40 (10 എണ്ണം) ആണ് cure and care agencies, Palakkad നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ക്വട്ടേഷനിൽ ആവശ്യപ്പെട്ടതിന് വിഭിന്നമായി മറ്റു variant കൾ വാങ്ങിയതും ജില്ലാ വെറ്ററിനറി സ്റ്റോറിൽ ലഭ്യമായ മരുന്നുകൾക്ക് പകരം മറ്റു മരുന്നുകൾ വാങ്ങിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈയിനത്തിൽ നഷ്ടം സംഭവിച്ച 1811/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 അങ്കണവാടികളിലേക്ക് കസേര വാങ്ങൽ-അപാകങ്ങൾസംബന്ധിച്ച്

പ്രോജക്ട് നമ്പർ - 78/18 (അങ്കണവാടികളിലേക്ക് കസേര വാങ്ങൽ)

അടങ്കൽ - 1,31,800.00 (FC Grant)

ചെലവ് - 1,31,370.00

(ബൽ നമ്പർ 13/22.2.2018 സബ് ട്രഷറി, ഷൊറണൂർ)

നിർവ്വഹണോദ്യോഗസ്ഥ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

<u>ദർഘാസ് പരസ്യപ്രകാരം സ്പെസിഫിക്കേഷൻ</u>

ദർഘാസ് നമ്പർ - ഐസിഡിഎസ്/1/2017-18 തീയതി 30.01.2018.

ക്രമനമ്പർ 1 - പ്ലാസ്റ്റിക്(ഫൈബർ) ചെയർ-Normal size with armrest, good quality fibre, ISI/ISO Certification-വിപണിയിലെ മികച്ച ബ്രാൻ്റുകളിലൊന്ന്

| ക്രമ നമ്പർ | ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ | കസേരവില യൂണിറ്റ് ഒന്നിന് |
|---|---|---|
| 1 | Royal Agency, Nallalam | 420.00 |
| 2 | Fidco Enterprises | 392.00 |
| 3 | KPM Stores | 282.00, 285.00, 435.00 |

പ്രൊക്യൂർമെൻ്റ് കമ്മിറ്റിയുടെ 26.3.2018 ലെ യോഗത്തിലെ 13-ാം നമ്പർ തീരുമാനപ്രകാരം മികച്ച ഗുണനിലവാരം ഉള്ളതും ഏറ്റവും കുറവ് വില രേഖപ്പെടുത്തിയതുമായ നീൽകമൽ 2071 പ്ലാസ്റ്റിക് ചെയർ (ഒന്നിന് 435.00 രൂപ നിരക്ക്) KPM Stores, ചെർപ്പുളശ്ശേരിയുടെ ടെണ്ടർ അംഗീകരിച്ചു.

പഞ്ചായത്ത് കമ്മിറ്റിയുടെ 22.2.2018 ലെ തീരുമാനം 1(2) പ്രകാരം സാമാന്യം ബലവും ഉറപ്പുമുള്ള നീൽകമൽ കസേരയുടെ 2071 മോഡൽ വാങ്ങാനും മറ്റ് വിലകുറവ് രേഖപ്പെടുത്തിയ കസേരകൾക്ക് ബലവും ഉറപ്പും ഇല്ലാത്തതിനാൽ ഒഴിവാക്കാനും തീരുമാനമെടുത്തു.

ഇപ്രകാരം KPM Stores, ചെർപ്പുളശ്ശേരിയുടെ ഇൻവോയ്സ് നമ്പർ 057/14.3.2018 പ്രകാരം ഒരു കസേരക്ക് 435.00 രൂപാ നിരക്കിൽ 302 എണ്ണം കസേര 1,31,370.00 രൂപയ്ക്ക് വാങ്ങിച്ചു.

ഏറ്റവും കുറവ് വില രേഖപ്പെടുത്തിയ ISI/ISO നിലവാരമുള്ളതും ടെണ്ടർ സ്പെസിഫിക്കേഷൻ പൂർണ്ണമായും അംഗീകരിച്ച് ടെണ്ടർ ക്വാട്ട് ചെയ്യുകയും ചെയ്ത KPM Stores, ചെർപ്പുളശ്ശേരിയുടെ ഒരു കസേരക്ക് 282.00 രൂപ പ്രകാരമുള്ള ക്വട്ടേഷൻ നിരസിച്ച് ഉയർന്ന വിലയ്ക്കുള്ള കസേര വാങ്ങി.

ഏറ്റവും കുറഞ്ഞവിലയ്ക്ക് 302 കസേരകൾ

വാങ്ങിക്കുകയായിരുന്നെങ്കിൽ ചെലവ് - 302x282=85164/-

കൂടിയ വിലയ്ക്ക് കസേരകൾ വാങ്ങിയതിലൂടെ ചെലവ് - 302x435=131370/-

അധികച്ചലെവ് - 131370-85164=46206/-

മേൽ വിഷയം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1 താഴ്ന്ന വില രേഖപ്പെടുത്തിയ കസേരയുടെ ബലവും ഉറപ്പും കുറവാണെന്ന് എപ്രകാരമാണ് ഉറപ്പുവരുത്തിയത് എന്നതിൽ യാതൊരു ശാസ്ത്രീയ രേഖയും ഇല്ല.

2 ഉയർന്ന വിലയുടെ കസേരക്ക് കൂടുതൽ ബലവും ഉറപ്പും ഉണ്ടെന്ന് ഉറപ്പുവരുത്തിയതിനും അടിസ്ഥാനമില്ല

3 സ്പെസിഫിക്കേഷനിൽ ഉന്നയിക്കാതിരുന്ന ആവശ്യം വാങ്ങൽ വേളയിൽ ഉന്നയിച്ച്

അധികച്ചെലവ് വരുത്തുകയും ബലവും ഉറപ്പും അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമില്ലാതെയും നിർദ്ദേശാനുസൃതമല്ലാതെയും വാങ്ങിയത് ക്രമവിരുദ്ധമാണ്. സ്പെസിഫിക്കേഷൻ പ്രകാരം കുറഞ്ഞവില രേഖപ്പെടുത്തിയ സാധനം വാങ്ങിക്കാതെ അതേ സ്ഥാപനത്തിന്റെ ഉയർന്ന വില രേഖപ്പെടുത്തിയ സാധനം വാങ്ങിച്ച നടപടിക്ക് സാധുവായ കാരണങ്ങൾ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എന്ക്വയറി നം. 26.11.2018 ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയെങ്കിലും ആയതിൽ വസ്തുനിഷ്ഠമായ ഒന്നും പറയാത്ത സാഹചര്യത്തിൽ നഷ്ടസംബന്ധമായ തുക 46206/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. ഗുണനിലവാരം ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പ്രൊക്യർമെന്റ് മാർഗ്ഗരേഖ, സർക്കാർ ഉത്തരവ് നം.259/2010/LSGD തീ.08.11.10 പ്രകാരം തുടർന്നുള്ള വാങ്ങലുകൾ നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കുടിവെള്ള പദ്ധതികളുടെ ആസൂത്രണത്തിൽ പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13.xi.ഡി പ്രകാരം കുടിവെള്ള പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം ഒറ്റ പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിക്കണം. ഭാഗികമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി പ്രൊജക്റ്റ് ആവിഷ്കരിക്കുവാൻ പാടില്ല. മോട്ടോർ സ്ഥാപിക്കൽ, പമ്പ്ഹൗസ്, പൈപ്പ് ലൈൻ, ടാപ്പുകൾ, വൈദ്യുതി കണക്ഷൻ തുടങ്ങിയ ഇനങ്ങൾ ഒഴിവാക്കി കുഴൽകിണർ മാത്രം കുഴിക്കുവാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

2017-18 വർഷത്തിൽ ഭാഗികമായി ആവിഷ്കരിച്ച കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ നം. | പ്രൊജക്റ്റ് | ചെലവ് | ബിൽ നം. / തിയതി |
|---|---|---|---|
| 1 | വെട്ടത്തൊടി കോളനി ബോർവെൽ വാട്ടർസപ്ലൈ സ്കീം (191/18) എം.ബുക്ക്.നം.226/17-18 കരാറുകാരൻ-എൻ.യു.ജോണി | 182259 | 53/01/18 തുക-182259/- |
| 2 | മാരിയിൽ ബോർവെൽ കുടിവെള്ള പദ്ധതി (212/18) എം.ബുക്ക്.നം.196/16-17 കരാറുകാരൻ-എൻ.യു.ജോണി | 192953 | 51/19-1-18 തുക-192953 |
| 3 | മാമ്പുഴി അങ്ങാടിക്കുന്ന് ബോർവെൽ കുടിവെള്ള പദ്ധതി (329/18) എം.ബുക്ക്.നം.175/16-17 കരാറുകാരൻ-എൻ.യു.ജോണി | 115675 | 106/28-3-18 തുക-115675 |

ഭാഗികമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി തുടർ പദ്ധതികൾ ഒറ്റ

പ്രോജക്ടായി ആവിഷ്കരിച്ച നടപ്പിലാക്കേണ്ടതാണ്.

## 3-4 തെരുവു വിളക്കുകളുടെ പരിപാലനം- അപാകതകൾ പരിഹരിക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. വാണിയംകുളം ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വന്ന തുകകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള രജിസ്റ്റർ പ്രകാരം മീറ്ററിനു കീഴിൽ കൊണ്ടു വരാത്ത വിളക്കുകളുടെ വിശദാംശങ്ങൾ ഇനി പറയുന്നു.

| ക്രമ നം | വിളക്കുകളുടെ തരം | എണ്ണം |
|---|---|---|
| 1 | CFL Automatic 2x11 | 577 |
| 2 | CFL-Automatic 1x11 | 31 |
| 3 | SVL-1x250 | 48 |
| 4 | Flourescent Tube 2x40 | 682 |
| 5 | Flourescent Tube 1x40 | 44 |
| 6 | Ordinary 1x60 | 221 |
| 7 | Ordinary 1x40 | 332 |
| ആകെ | | 1935 |

മേൽ പറഞ്ഞ കണക്ക് വൈദ്യുതി ബോർഡ് ഏകപക്ഷീയമായി തയ്യാറാക്കി പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. വൈദ്യുതി ബോർഡിന്റെ ഈ കണക്കു പ്രകാരമുള്ള തുകയാണ് അവർ

ഈടാക്കുന്നത്. ഇതനുസരിച്ച് വൈദ്യുതി ചാർജ്ജിനത്തിൽ ശരാശരി 210600/- രൂപ പ്രതിമാസം ഒടുക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്ക് വൈദ്യുതി ചാർജിനത്തിൽ ആകെ 2525932/- രൂപ ഒടുക്കിയിട്ടുണ്ട്. മീറ്ററിന് കീഴിലല്ലാത്ത ലാമ്പുകൾക്ക് 179162/- രൂപയോളം പ്രതിമാസം ഒടുക്കി വരുന്നുണ്ട്. മേൽ പറഞ്ഞ ഇനത്തിലും എണ്ണത്തിലും തെരുവു വിളക്കുകൾ എല്ലാം തന്നെ പ്രവർത്തനക്ഷമമാണെന്നുറപ്പു വരുത്തുന്നതിനുള്ള യാതൊരു രേഖയും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.. നിലവിലില്ലാത്ത ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കുന്നില്ല എന്നും ഉറപ്പാക്കിയിട്ടില്ല.

ബി. തെരുവു വിളക്കുകളുടെ പരിപാലനച്ചെലവ്

അറ്റകുറ്റപ്പണികൾക്കുള്ള തെരുവു വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി തൻവർഷം 718800/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഷിക അറ്റകുറ്റപ്പണികൾക്കായി 682500/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

ലാമ്പുകളുടെ കൃത്യമായ കണക്കുകൾ ഇല്ലാതെയാണ് അറ്റകുറ്റപ്പണികൾക്കുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നത്. ആയതിനാൽ ആവശ്യത്തിലധികം സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

അപാകതകൾ

- ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിക്കുകയോ ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുകയോ ചെയ്തിട്ടില്ല.
- തെരുവ് വിളക്കുകളുടെ രജിസ്റ്റർ പൂർണ്ണമല്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ വിളക്കുകൾക്ക് മാത്രമേ തുക ഒടുക്കുന്നുള്ളൂ എന്നും ഉറപ്പു വരുത്തേണ്ടതാണ്.

## 3-5 പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന് വരുമാനദായകമായ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ (iii) പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പട്ടികജാതി-പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമാർജ്ജനം, പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ്(എം.എസ്)72/2017/ത.സ്വ.ഭ.വ തീ.29.3.2017-ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിംഗുമായി ബന്ധപ്പെട്ട് പട്ടികജാതി-പട്ടികവർഗ വികസനം, സ്ത്രീകളുടെയും

കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമാർജ്ജനം, എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.

പട്ടികജാതി-പട്ടികവർഗ വികസനം വർക്കിംഗ് ഗ്രൂപ്പിന്റെ 10.02.2017, 10.03.2017, 15.04.2017 എന്നീ തീയ്യതികളിലെ യോഗങ്ങളിൽ 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രൊജക്ടുകൾ പട്ടികജാതി-പട്ടികവർഗ മേഖലയിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

. പട്ടികജാതി തൊഴിൽ സംരഭങ്ങൾ ആരംഭിക്കുക

. ഡ്രൈവിംഗ് പരിശീലനം, പി.എസ്.സി പരിശീലനം

. പട്ടികജാതി സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുക

.ഖാദി യൂണിറ്റ് ആരംഭിക്കുക

. ഷീ ഓട്ടോ പ്രൊജക്ട്.

പ്രസ്തുത നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം (അടങ്കൽ 200000), പട്ടികജാതി വനിത പരമ്പരാഗത കയർതൊഴിലാളി പ്രോത്സാഹനം (അടങ്കൽ 600000) തുടങ്ങിയ പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് വികസന ഫണ്ട് (എസ്.സി.പി) വകയിരുത്തി 24283370/- രൂപ അടങ്കൽ വരുന്ന പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 11422853/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (49.39%). ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്വയംതൊഴിൽ സംരഭങ്ങളും, വരുമാനദായകമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ആയത് സാധൂകരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതും ആയത് നിർവ്വഹണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-6 സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രൊജക്ട് നടപ്പിലാക്കിയത്

പ്രോജക്ടിന്റെ പേര് - ആട് വളർത്തൽ (വനിത)

പ്രോജക്ട് നമ്പർ - 305/18

അടങ്കൽ - (വികസന ഫണ്ട്) 906500

- തനതു ഫണ്ട് 1 1500

- ഗുണഭോക്തൃ വിഹിതം -918000

ആകെ അടങ്കൽ - 1836000/-

നിർവഹണ ഉദ്യോഗസ്ഥ - വെറ്ററിനറി സർജ്ജൻ

ബിൽ നമ്പർ - 2/17-18 തിയതി 08.01..2018 തുക- 162000/-

– 5/17-18 തിയതി 09.01..2018 തുക 81000/-

– 6/17-18 തിയതി 09.01..2018 തുക 81000/-

– 8/17-18 തിയതി 09.01..2018 തുക 18000/-

ആകെ ചെലവ് - 342000/-

മേൽ പ്രൊജക്റ്റിന്റെ ഭാഗമായി 38 ഗുണഭോക്താക്കൾക്ക് 3 പെണ്ണാടുകളെ വീതം പർച്ചേസ് കമ്മിറ്റി മുഖാന്തിരം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ.ഉ(എം.എസ്)നം.80/2017/ത.സ്വ.ഭ.വ തീ.03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 8.2.(2) പ്രകാരം പെണ്ണാടുകളെ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു. സർക്കുലർ നം.DD3/2017/ ത.സ്വ.ഭ.വ തീ.01.07.2017 പ്രകാരം പ്രസ്തുത ഖണ്ഡികയിൽ പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ അട്ടപ്പാടി ബ്ലാക്ക് ആടുകളെ വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കി സബ്സിഡി മാർഗരേഖ ഭേദഗതി ചെയ്തിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (02/23.11.2018) അട്ടപ്പാടിയിലെ സർക്കാർ ആടുഫാമിൽ അന്വേഷിക്കുകയും പദ്ധതിക്കാവശ്യമായ മുന്നൂറോളം ആടുകൾ ലഭ്യമല്ല എന്നറിയിച്ചതു കാരണമാണ് പ്രാദേശികമായി പർചേയ്സിംഗ് കമ്മിറ്റി മുഖാന്തിരം വാങ്ങിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. ഉരുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)നം.72/2017/ത.സ്വ.ഭ.വ/ 29-3-2017-ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കണം. മുൻവർഷങ്ങളിലെ മാർഗ്ഗരേഖകളിലും ഈ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും പഞ്ചായത്തിൽ നാളിതുവരെയായി ഇവ തയ്യാറാക്കിയിട്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-8 കുടുംബശ്രീ അക്കൗണ്ടിലെ മൂത നിക്ഷേപങ്ങൾ- പലിശ സഹിതം തിരിച്ചടക്കണം

വാണിയംകുളം പഞ്ചായത്തിലെ കുടുംബശ്രീയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ സേവിങ്സ് ബാങ്ക് അക്കൌണ്ടുകളായ 10535298061, 30038144833 എന്നിവയിൽ 2005-06 വർഷത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച യഥാക്രമം 995000/-രൂപ,

970000/-രൂപ ഉൾപ്പെടെ ആകെ 1965000/-രൂപ നാളിതു വരെ ചെലവഴിക്കാതെ നീക്കിയിരിപ്പായിട്ടുണ്ട്. ടി തുക നിലവിൽ ഉപയോഗിക്കാൻ കഴിയാത്തതിനാൽ ആയത് നാളിതുവരെയുള്ള പലിശ സഹിതം അടിയന്തരമായി സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. ഇത്രയും ഭീമമായ തുക രണ്ട് അക്കൗണ്ടുകളിൽ മുതമായവശേഷിക്കുന്നുവെന്നും ആയത് ക്രമപ്രകാരം അതത് അക്കൗണ്ടുകളിലേക്ക് തിരിച്ചടക്കണമെന്നും 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദേശിച്ചിരുന്നെങ്കിലും നാളിതുവരെ ടി തുക തിരിച്ചടച്ചിട്ടില്ല. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി വൈദ്യുതി ബോർഡിനു കൈമാറിയ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക, ബിൽ നം. തീയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 115/18 | മനിശ്ശീരി - വെള്ളിയാട് തെരുവ് വിളക്ക്- ലൈൻ എത്തിക്കൽ | 100000/- | ചെലവ് തുക- 100000/- ( ബിൽ നം. Asst. Engineer, KSEB വാണിയംകുളത്തിന്റെ പേരിലുള്ള 67057563368 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചു. | പ്രൊജക്ട് നിർവഹണത്തിനുള്ള തുകകൾ വാണിയംകുളം KSEB യുടെ അക്കൗണ്ടിലേക്ക് കൈമാറി |
| 2 | 318/18 | കുമുള്ളംകാട് പറമ്പ് കോളനി ലൈൻ വലിക്കൽ | 100000/- (എസ്.സി.പി) | 93105/- രൂപ ബിൽ. നം. 50/18 തീ.31/3/18 | |
| 3 | 317/18 | അരികത്ത് മനപ്പടി പ്രദേശം തെരുവുവിളക്ക് വൈദ്യുതി ലൈൻ വലിക്കൽ | 200000/- (എസ്.സി.പി) | 199920/- ( ബിൽനം. 51/31.03.18 | |
| 4 | 312/18 | തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കൽ | 546321 | 546000/- | |

| | | | | | |
|---|---|---|---|---|---|
| | | | | (ബിൽ നം 48/18 തീ. 21.3.18 | |
| 5 | 314/18 | മനിശ്ശീരി - അമ്പലക്കുളം SC കോളനി തെരുവു വിളക്ക്-ലൈൻ വലിക്കൽ | 200000/- | 120030/- ബിൽ നം.37/18 25.1.2018 | |
| 6 | 6/18 | തൃക്കങ്ങോട്- ശാന്തി മാർഗ്ഗ് തെരു വിളക്ക് ലൈൻ വലിക്കൽ | 97900/- | 97880 (ബിൽ നം. 17,18/18 തീ. 28.9.17 | |
| 7 | 7/18 | കുന്നംപുറം ഭാഗത്ത് തെരുവു വിളക്ക് ലൈൻ വലിച്ച് സ്ഥാപിക്കൽ | 80000/- | ചെലവ്- 79950/- ( ബിൽ നം. 13/18 തീ.28.9.17 | |
| 8 | 10/18 | കരുമാൻ തോട്ടിൽ കോളനി വൈദ്യുതീകരണം | 115000/- | 114720/- ( ബിൽ നം. 22/18തീ. 12.10.17 | |
| 9 | 11/18 | നീലിതൊടി - കുണ്ടു തൊടി വൈദ്യുതീകരണം | 100000/- | 99980(ബിൽ നം.27/18തീ.23.10.17 | |
| 10 | 102/18 | അങ്ങാടിക്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 60000/- | 59400/- ( ബിൽ നം.26/18 തീ. 23.10.17 | |
| 11 | 103/18 | തോപ്പിൽ കോളനിയിൽ വൈദ്യുതി ലൈൻ എത്തിക്കൽ | 115000/- | 113450/- ( ബിൽ നം.15/18 തീ. 28.9.17 | |
| 12 | 106/18 | പടിഞ്ഞാറ്റു മുറി വൈദ്യുതി ലൈൻ എത്തിക്കൽ | 80000/- | 79800/- ( ബിൽ നം. 11/18 തീ. 28.9.17 | |
| 13 | 113/18 | കാക്കരപ്പടി കോളനി തെരു വിളക്ക് ലൈൻ വലിക്കൽ | 1,50000/- | 146850/- ( ബിൽ നം. 25 തീ.23.10.17 | |

| | | | | | |
|---|---|---|---|---|---|
| 14 | 128/18 | കുടത്തിൽപടി തെരുവ് വിളക്ക് ലൈൻ വലിക്കൽ | 165000/- | 164930/- ( ബിൽ നം. 14/18 തീ.28.9.17) | |

തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-10 തൊഴിലുറപ്പ് പദ്ധതി - ഏറ്റെടുത്ത പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കി

2017-18 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏറ്റെടുക്കാവുന്ന വിവിധ പദ്ധതികൾ ഏറ്റെടുത്ത് കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്. ജല സുരക്ഷ - സമ്പൂർണ്ണ കിണർ റീ ചാർജ്ജ്, കുളം നിർമ്മാണവും നവീകരണവും തുടങ്ങിയ പ്രവൃത്തികളിലൂടെ വിവിധ ജലസ്രോതസ്സുകളുടെ നവീകരണവും നിർമ്മാണവും ഏറ്റെടുത്തു നടത്തിയതിലൂടെ മുൻവർഷങ്ങളിൽ ഉണ്ടായിരുന്ന കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. തൻ വർഷം ഏറ്റെടുത്തു നടത്തിയ ശ്രദ്ധേയമായ വിവിധ പദ്ധതികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | എണ്ണം | മനുഷ്യ ദിനം | തുക |
|---|---|---|---|---|
| 1 | കുളം നിർമ്മാണവും നവീകരണവും | 33 | 14710 | 3795180 |
| 2 | കമ്പോസ്റ്റ് നിർമ്മാണം | 5 | 16 | 4128 |
| 3 | കിണർ നിർമ്മാണം | 90 | 7599 | 1960542 |
| 4 | തോടുകളുടെ നവീകരണം (കയർ ഭൂവസ്ത്രം ഉൾപ്പെടെ) | 20 | 7805 | 2013690 |
| 5 | സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതികൾ | 19 | 1116 | 287928 |
| 6 | റോഡ് കോൺക്രീറ്റിംഗ് | 4 | 169 | 43602 |
| 7 | വ്യക്തിഗത ഭൂവികസന പ്രവൃത്തികൾ | 127 | 14253 | 3677274 |
| 8 | പൊതുകിണർ ആൾമറ നിർമ്മാണം | 1 | 5 | 1290 |
| 9 | നഴ്സറി നിർമ്മാണം | 2 | 624 | 160992 |
| 10 | കിണർ റീ-ചാർജ്ജിംഗ് പിറ്റ് | 28 | 28 | 7227 |

| | | | | |
|---|---|---|---|---|
| 11 | തീറ്റപ്പുൽ കൃഷി | 38 | 12333 | 3181914 |
| 12 | തരിശുഭൂമി വികസനം (ലേബർ ഗ്രൂപ്പ്) | 14 | 8144 | 2101152 |
| 13 | മരം വെച്ചുപിടിപ്പിക്കൽ | 16 | 470 | 121260 |
| 14 | റീട്ടെയ്നിംഗ് വാൾ നിർമ്മാണം | 2 | 26 | 6708 |
| 15 | സോളിഡ് ബ്ളോക്ക് നിർമ്മാണം | 1 | 318 | 82044 |
| 16 | കക്കൂസ് നിർമ്മാണം | 1 | 3 | 774 |
| 17 | കാലിത്തൊഴുത്ത് നിർമ്മാണം | 1 | 10 | 2580 |
| | ആകെ | 402 | 67629 | 17448285 |

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയതും പഞ്ചായത്തിന് അനുയോജ്യമായതുമായ ചെക്ക് ഡാം നിർമ്മാണം, മൺ തടയണകൾ തുടങ്ങിയ മറ്റു പദ്ധതികൾ കൂടി കണ്ടെത്തി നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 805000 | സമഗ്ര നെൽ കൃഷിവികസനം (പ്രോജ.നം.18/18) | 805000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50000 | ഭിന്നശേഷി സ്കോളർഷിപ്പ് (പ്രോജ.ന39/18) | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (17/18) | 200000 | 0 |
| ജില്ലാ | | 230000 | 230000 | | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | കാക്കരപ്പടി കോളനി സ്ട്രീറ്റ് ലൈൻ വലിക്കൽ | 21701039/13-10-17 | 146850 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| ---ടി--- | അങ്ങാടിക്കുന്ന് DWS വൈദ്യുതീകരണ പ്രവൃത്തി | 21701040/13-10-17 | 59400 | -----ടി------- |
| ---ടി--- | നീലിത്തൊടി കണ്ടുതൊ ടികോളനി വൈദ്യു തീകരണം | 21701041/13-10-17 | 99980 | -----ടി------- |
| ---ടി--- | മനിശ്ശീരി അമ്പലക്കുളം കോളനി സ്ട്രീറ്റ് ലൈൻ വലിക്കൽ | 21701115/20-01-18 | 120030 | -----ടി------ |
| ---ടി--- | തെരുവുവിളക്ക് ലൈൻനീട്ടലും തെരുവുവിളക്കുകൾ സ്ഥാപിക്കലും | 21701138/14-03-18 | 49400 | -----ടി------ |
| ---ടി--- | തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കൽ | 21701145/15-03-18 | 546000 | -----ടി------ |
| ---ടി--- | കുമുള്ളംകാട് പറമ്പ് കോളനി സ്ട്രീറ്റ് ലൈൻ വലിക്കൽ | 21701155/19-03-18 | 93105 | -----ടി------ |
| ---ടി--- | അരികത്ത് മനപ്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21701158/19-3-18 | 199920 | -----ടി------ |
| ---ടി--- | മനിശ്ശീരി-വെള്ളിയാട് തെരുവ് വിളക്ക്-ലൈൻ | NEFT | 100000 | ---ടി--- |

| | | | | |
|---|---|---|---|---|
| | എത്തിക്കൽ | | | |
| ---ടി--- | തൃക്കങ്ങോട്-ശാന്തിമാർഗ്ഗ് തെരുവ് ലൈൻവലിക്കൽ | ബിൽ നം.17/28-9-17 | 97900 | ---ടി--- |
| ---ടി--- | കുന്നംപുറം ഭാഗത്ത് തെരുവ് വിളക്ക് ലൈൻ വലിച്ച് സ്ഥാപിക്കൽ | ബിൽ നം.13/28-9-17 | 80000 | ---ടി--- |
| ---ടി--- | കരുമാൻ തോട്ടിൽ കോളനി വൈദ്യുതീകരണം | ബിൽ നം.22/12-10-17 | 115000 | ---ടി----- |
| ---ടി--- | തോപ്പിൽ കോളനിയിൽ വൈദ്യുതിലൈൻ എത്തിക്കൽ | ബിൽ നം.15/28-9-17 | 115000 | ---ടി----- |
| ---ടി----- | പടിഞ്ഞാറ്റുമുറി വൈദ്യുതി ലൈൻ എത്തിക്കൽ | ബിൽ നം.15/28-9-17 | 80000 | ---ടി----- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-1 | 11250 | കെ.അയിഷാബീ. അസി.എഞ്ചിനീയർ | 117040106736 /19.01.2018 |
| | 3-2 | 7000 | കെ.അയിഷാബീ. അസി.എഞ്ചിനീയർ | 117040105260 /08.11.2017 |

| | | | | |
|---|---|---|---|---|
| | 3-4 | 9083 | കെ.അശോക് കുമാർ ,അസി.എഞ്ചിനീയർ | 117040105260 /08.11.2017 |
| | 2-2 | 2500 | രാജേഷ്.വി, കോൺട്രാക്ടർ | 117190101405 /02.03.2018 |
| | 2-2 | 2500 | സുന്ദരൻ നായർ കോൺട്രാക്ടർ | 17190101530 /05.03.2018 |
| | ആകെ | 32333 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 44 | 2002-03, 1.9.1.1 | കുഴൽ കിണർ നിർമ്മാണം-അധിക തുക നൽകിയത് നിരാകരിക്കുന്നു. | അന്തിമ തീരുമാനമായിട്ടില്ല |
| 1999-00, 5 | 2004-05, 3.9.1.5.1 | 6.36 ലക്ഷത്തിന്റെ ചെലവിന് രേഖകൾ ഹാജരാക്കിയില്ല. | അന്തിമ തീരുമാനമായിട്ടില്ല |
| 2003-04, 3-16 | 2007-08, 3.5.4.1 | സമ്പൂർണ്ണ ശുചിത്വ പരിപാടി-കക്കൂസ് നിർമ്മാണം-കൂടിയ ടെണ്ടർ സ്വീകരിച്ചതു മൂലം നഷ്ടമുണ്ടായി | അന്തിമ തീരുമാനമായിട്ടില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79231803.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93777165.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 300/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1811/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 46206/-രൂപ |

ഓഡിറ്റിൽ നിരാകരിച്ച തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1811/-രൂ | ഡോ. ആർ. ഉഷ, വെറ്ററിനറി സർജൻ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

സി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 46206 | ശ്രീമതി.ബിന്ദു.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ

പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ആർ. ഉഷ, വെറ്ററിനറി സർജ്ജൻ | ഡോ.ആർ. ഉഷ, വെറ്ററിനറി സർജ്ജൻ | ഇന്ദീവരം, അയ്മനം(പി.ഒ) കോട്ടയം – 686015 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | LFP8/57/2000/ 12-10-2000 | ഫർദർ റിമാർക്സ് |
| 1998-99 | LFP11/753/2002/ 9-10-2002 | -do- |
| 1999-00 | LFP12/815/2004/ 10-09-2004 | -do- |
| 2000-01 | LFP12/816/04/30-09-05 | -do- |
| 2001-02 | LFP14/483/04/16-07-04 | -do- |
| 2002-03 | LFP14/380(1)/07/ 25-1-08 | -do- |
| 2003-04 | LFP16/794/12/12.9.12 | -do- |
| 2004-05 | LFP16/1812/11/ 15.12.11 | -do- |
| 2005-06 | LFP16/1813/11/3.12.11 | -do- |
| 2006-07 | LFP16/1815/11(2)/3.12.11 | -do- |
| 2007-08 | LFP16/11((1)/3.12.11 | -do- |
| 2008-09 | LFP16/1901/11/3.12.11 | -do- |
| 2009-10<br>2010-11 | LFP16/1890/13/4.4.14 | -do- |
| 2011-12 | LFP16/1270/2014 | മുഴുവൻ |
| 2012-13<br>2013-14&<br>2014-15 | LFP20/1102/2015<br><br>KSA.PKD.16/1364/2016/03.08.2016 | മുഴുവൻ<br>മുഴുവൻ |
| 2015-16 | KSA.PKD.16/1964/16/18-10-2016 | -ടി- |

| | | |
|---|---|---|
| 2016-17 | KSA.PKD.16/1763/17/11.10.2017 | -ടി- |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ 2 ചെക്കുകൾ (Liability in respect of stale cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റാനുണ്ട്.
2. വസ്തു നികുതി DCB രജിസ്റ്ററിലെ വരവ്, രസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) ഇവ പൊരുത്തപ്പെടുന്നില്ല.

3. വസ്തു നികുതി DCB രജിസ്റ്ററിലെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റുമായി (B-15) പൊരുത്തപ്പെടുന്നില്ല.
4. കുടിശിക DCB രജിസ്റ്റർ (വസ്തു നികുതി) പ്രകാരം 2017-18ലെ വരവും നീക്കിയിരിപ്പും AFSമായി പൊരുത്തപ്പെടുന്നില്ല.
5. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.(I-16).
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7. Stock Registerലെ തുകകൾ B-14നുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം- 2

## ഓഡിറ്റ് ചെയ്ത വരവ്-ചെലവ് പത്രിക സംക്ഷിപ്തം

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 35032206.78 |
| Cash | Cash | RP-40(a) | 46347.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2546420.00 |
| 140000000 | Fees & User Charges | RP-4 | 897455.00 |
| 150000000 | Sale & Hire Charges | RP-5 | 180618.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53292846.00 |
| 171000000 | Interest Earned | RP-9 | 586586.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6174856.00 |
| 350000000 | Other Liabilities | RP-36 | 1192678.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 46503.00 |
| 311000000 | Earmarked Funds | RP-29 | 45259.00 |
| 340000000 | Deposits Received | RP-34 | 2325827.00 |
| 350000000 | Other Liabilities | RP-36 | 1255672.00 |
| 410000000 | Fixed Assets | RP-38 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 10642421.00 |
| 460000000 | Loans, Advances and Deposits | RP-47 | 44662.00 |
| | Grand total | | 114310356.78 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3190424.00 |
| 220000000 | Administrative Expenses | RP-12 | 1435079.00 |
| 230000000 | Operations & Maintenance | RP-13 | 5330948.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6268899.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13242945.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2456711.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 0.0 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 314888.00 |

| | | | |
|---|---|---|---|
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 11689946.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 16250.00 |
| 280000000 | Prior Period item | RP-26 | -850.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 5982005.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 22289.00 |
| 280000000 | Prior Period Item | RP-26 | -36050.00 |
| 311000000 | Earmarked Funds | RP-29 | 22000.00 |
| 340000000 | Deposits Received | RP-34 | 2411054.00 |
| 350000000 | Other Liabilities | RP-36 | 2832933.00 |
| 410000000 | Fixed Assets | RP-38 | 12014333.00 |
| 411000000 | Accumulated Depreciation | RP-39 | 0.0 |
| 412000000 | Capital work in Progress | RP-40 | 1896600.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 22174342.00 |
| 460000000 | Loans, Advances and Deposits | RP-47 | 2512419.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20423148.78 |
| Cash | Cash | RP-40(b) | 110043.00 |
| | Grand Total | | 114310356.78 |

INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 7878439.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1250184.00 |
| 140000000 | Fee & User Charges | I-4(b) | 4557017.00 |
| 150000000 | Sale & Hire Charges | I-5(b) | 180618.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 128613398.00 |
| 171000000 | Interest Earned | I-8 | 586586.00 |
| 180000000 | Other Income | I-9 | 46503.00 |

| | | | |
|---|---|---|---|
| | Total Income | | 143112745.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9135705.00 |
| 220000000 | Administrative Expenses | I-11(b) | 1440218.00 |
| 230000000 | Operations & Maintenance | I-12(b) | 5339818.00 |
| 240000000 | Interest & Finance Charges | I-13 | 22289.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9889998.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28337127.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3451420.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 58865388.00 |
| 255000000 | Maintenance Projects | I-14(e) | 11689946.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 16250.00 |
| 272000000 | Depreciation | I-17(a) | 10298663.00 |
| | Total Expenditure | | 138486822.00 |
| | Gross Surplus/ Deficit of income over Expenditure | | 4625923.00 |
| 280000000 | Prior Period Item | I-18 | 1377282.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3248641.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

BALANCE SHEET

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 40186058.98 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1167183.00 |
| 312000000 | Reserves | B-3 | 60041911.00 |
| | Total Reserve & Surplus | | 101395152.98 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 753811.00 |
| | Total Grants, Contributions for Specific Purposes | | 753811.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1374682.00 |
| 350000000 | Other Liabilities | B-9 | 3011056.80 |
| | Total Current Liabilities and Provisions | | 4385738.80 |
| | TOTAL LIABILITIES | | 106534702.78 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 82707568.00 |
| 411000000 | Accumulated Depreciation | B-11 | -22439069.00 |
| 412000000 | Capital Work in Progress | B-11(a) | 1025804.00 |
| | Total Fixed Assets | | 61294303.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 22946538.00 |
| 450000000 | Cash and Bank Balance | B-17 | 20533191.78 |
| 460000000 | Loand, Advances and Deposits | B-18 | 1760670.00 |
| | Total Current Assets, Loans and Advances | | 45240399.78 |
| | Other Assets | | |

| | | |
|---|---|---|
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 106534702.78 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്